**No.CEE/888/2019/3 LLB-2019/TA2**

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# <u>വിജ്ഞാപനം</u>

# <u>ത്രിവത്സര എൽഎൽ.ബി പ്രവേശനം, 2019</u>

## <u>ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള സ്പോട്ട് അലോട്ട്മെന്റ് സംബന്ധിച്ച്</u>

സംസ്ഥാനത്ത് 2019–20 അധ്യയന വർഷം സർക്കാർ ലോ കോളേജുകളിലും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലും ത്രിവത്സര എൽഎൽ.ബി കോഴ്സിൽ നിലനിൽക്കുന്ന ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള ഒരു സ്പോട്ട് അലോട്ട്മെന്റ് സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ **<u>2019 ആഗസ്റ്റ് 13 ചൊവ്വാഴ്ച) രാവിലെ 9.30–ന് തിരുവനന്തപുരം, പാളയം, എൽ.എം.എസ് കോമ്പൗണ്ടിലുള്ള എൽ.എം.എസ് വിമൻസ് സെന്റർ കോൺഫറൻസ് ഹാളിൽ</u>** വച്ച് നടത്തുന്നതായിരിക്കും. ത്രിവത്സര എൽഎൽ.ബി കോഴ്സിൽ നിലനിൽക്കുന്ന ഒഴിവുള്ള സീറ്റുകളുടെ വിശദാംശങ്ങൾ **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള 2019–ലെ ത്രിവത്സര എൽഎൽ.ബി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രോസ്പെക്ടസ് ക്ലോസ് 6 പ്രകാരമുള്ള യോഗ്യത നേടിയിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാം.

**<u>സ്പോട്ട് അലോട്ട്മെന്റിലേയ്ക്ക് ഓൺലൈൻ രജിസ്ട്രേഷൻ നിർബന്ധമാണ്:</u>**

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ <u>www.cee.kerala.gov.in</u> എന്ന വെബ്സൈറ്റിലെ 'Three Year LL.B 2019 - Candidate Portal' എന്ന ലിങ്കിലൂടെ അവരവരുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച് 'Spot Allotment Registration' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് 'Spot Allotment Registration Slip' ഡൗൺലോഡ് ചെയ്ത് പ്രിന്റൗട്ട് എടുക്കേണ്ടതാണ്. ഹോം പേജിൽ നിന്നും പ്രസ്തുത സ്ലിപ്പ് പ്രിന്റൗട്ട് എടുക്കുന്നതിനുള്ള സൗകര്യം 09.08.2019 മുതൽ 12.08.2019 വൈകുന്നേരം 5 മണിവരെ ലഭ്യമാകുന്നതാണ്. **<u>ഈ സ്പോട്ട് അലോട്ട്മെന്റ് രജിസ്ട്രേഷൻ സ്ലിപ്പുമായി നിശ്ചിത സമയത്ത് വിദ്യാർത്ഥി നേരിട്ട് സ്പോട്ട് അലോട്ട്മെന്റിന് ഹാജരാകേണ്ടതാണ്.</u>**

**<u>സ്പോട്ട് അലോട്ട്മെന്റ് നിബന്ധനകൾ</u>**

1) ഏതെങ്കിലും ഗവൺമെന്റ് ലോ കോളേജിൽ ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു ഗവൺമെന്റ് ലോ കോളേജിലേക്ക് മാറ്റം അനുവദിക്കുന്നതല്ല.
2) ഏതെങ്കിലും ഒരു സ്വകാര്യ സ്വാശ്രയ ലോ കോളേജിൽ ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റൊരു സ്വാശ്രയ ലോ കോളേജിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല.
3) സ്വാശ്രയ ലോ കോളേജിൽ നിന്നും ഗവൺമെന്റ് ലോ കോളേജുകളിലേയ്ക്കും തിരിച്ചും സ്പോട്ട് അലോട്ട്മെന്റിൽ മാറ്റം അനുവദിക്കുന്നതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ് ഒടുക്കേണ്ടതുണ്ടെങ്കിൽ അത് ഓൺലൈനായോ തിരഞ്ഞെടുക്കപ്പെട്ട ഹെഡ് പോസ്റ്റോഫീസ് വഴിയോ ഒടുക്കിയ ശേഷം 20.08.2019 വൈകുന്നേരം 4 മണിയ്ക്കകം അതത് കോളേജുകളിൽ ഹാജരായി പ്രവേശനം നേടിയിരിക്കേണ്ടതാണ്. പ്രവേശന സമയത്ത് പ്രോസ്പെക്ടസ് ക്ലോസ് 18

പ്രകാരമുള്ള അസ്സൽ രേഖകൾ കോളേജ് അധികാരികൾക്ക് മുമ്പിൽ ഹാജരാക്കേണ്ടതും ബാക്കി ഫീസ്, ഡെപ്പോസിറ്റ് (ബാധകമെങ്കിൽ), മറ്റു ഫീസ് എന്നിവ കോളേജിൽ ഒടുക്കേണ്ടതുമാണ്. ഫീസ് വിവരങ്ങൾ കാണിക്കുന്ന സർക്കാർ ഉത്തരവുകൾ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

**കുറിപ്പ്:** 20.08.2019 വൈകുന്നേരം 5 മണിക്കുശേഷം സർക്കാർ/സ്വാശ്രയ ലോ കോളേജുകളിൽ ത്രിവത്സര എൽഎൽ.ബി കോഴ്സിൽ ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം അവ കോളേജ് അധികൃതർക്ക് 31.08.2019 വൈകുന്നേരം 5 മണിയ്ക്കു മുൻപായി സ്പോട്ട് അഡ്മിഷൻ മുഖേന നികത്താവുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471–2339101, 2339102, 2339103, 2339104, 2332123**

തിരുവനന്തപുരം
06.08.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**